പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2086 18.03.2015-ൽ മറുപടിയ്ക്ക്

# ഊർജ്ജ പ്രതിസന്ധി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ജോസഫ് വാഴയ്ക്കൻ :<br>ശ്രീ. സി. പി. മുഹമ്മദ് : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) ഊർജ്ജ പ്രതിസന്ധി രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് രേഖപ്പെടുത്തിയ പരമാവധി ഊർജ്ജത്തിന്റെ ആവശ്യകത 3588 MW ആണ്. പവ്വർകട്ടും, ലോഡ് ഷെഡിംഗും ഏർപ്പെടുത്താതെ ആഭ്യന്തര ഉല്പാദനം, കേന്ദ്ര വിഹിതം, വൈദ്യുതി വാങ്ങൽ കരാറുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ ഈ ആവശ്യകത നിറവേറ്റിയിട്ടുണ്ട്. ആ അർത്ഥത്തിൽ ഇപ്പോൾ ഒരു പ്രതിസന്ധിയുണ്ട് എന്നു പറയാനാവില്ല. എന്നാൽ ഉയർന്ന ശേഷിയുള്ള ഒരു വൈദ്യുത നിലയം സംസ്ഥാനത്തിനുള്ളിൽ സ്ഥാപിക്കാതെ വരുംകാലങ്ങളിലെ ഊർജ്ജലഭ്യത ഉറപ്പാക്കാനാവില്ലെന്ന് സർക്കാരിന് ബോധ്യമുണ്ട്. |
| (ബി) സൗരോർജ്ജ സംസ്കാരം വളർത്തുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ ; പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സൗരോർജ്ജ പാനൽ നിർബന്ധമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) സംസ്ഥാനത്തെ സൗരോർജ്ജ സംസ്കാരം വളർത്തുന്നതിനായി അനെർട്ടിന്റെ ആഭിമുഖ്യത്തിൽ 10 മെഗാവാട്ട് ശേഷിയുള്ള സൗരഗൃഹ പദ്ധതി, 12 മെഗാവാട്ട് ശേഷിയുള്ള സോളാർ ഗ്രിഡ് കണക്ട് പദ്ധതി, സോളാർ വാട്ടർ ഹീറ്റർ പദ്ധതി എന്നിവ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. കൂടാതെ കെ.എ സ്. ഇ. ബി. എൽ-മായി സഹകരിച്ച് സോളാർ ഷിഫ്റ്റ് എന്ന പേരിൽ പീക്ക് ലോഡ് ഷിഫ്റ്റർ സ്ഥാപിക്കുന്നതിന് വേണ്ട നടപടികളും പുരോഗമിക്കുന്നു.<br>സൗരോർജ്ജ സംസ്ക്കാരം വളർത്തുന്നതിന്റെ ഭാഗമായി സർക്കാർ 2013-ൽ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ സൗരോർജ്ജ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനു വേണ്ടിയാണ് കേരളത്തിന്റെ സൗരോർജ്ജ നയം പ്രഖ്യാപിച്ചിട്ടുള്ളത്. നിലവിൽ വീടുകളിലും മറ്റും ഉപയോഗിക്കുന്ന ഇൻവർട്ടറുകൾ സൗരോർജ്ജത്തിലേക്ക് മാറ്റുക, ഉപയോഗ്യമല്ലാത്ത പ്രദേശങ്ങളിലും, കനാലുകൾ, ജലസംഭരണികൾ, ക്വാറികൾ തുടങ്ങിയവയിലും സൗരോർജ്ജ പ്ളാൻറുകൾ സ്ഥാപിക്കുക, |

സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്ന സ്ഥാപനങ്ങളെ എംപാനൽ ചെയ്യുക, കെൽട്രോൺ തുടങ്ങിയ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സൗരോർജ്ജ സംവിധാനങ്ങളുടെ ബാലൻസ് ഓഫ് സിസ്റ്റം (പാനൽ ഒഴികെയുള്ള ഉപകരണങ്ങൾ) നിർമ്മിക്കാൻ പ്രോത്സാഹനം, സൗരോർജ്ജ വൈദ്യുതി ഉത്പാദന സംവിധാനം, സൗരോർജ്ജ വാട്ടർ ഹീറ്ററുകൾ, സൗരോർജ്ജ സ്റ്റീം പാചകം എന്നിവ അനുയോജ്യമായ സ്ഥലങ്ങളിൽ നിർബന്ധമാക്കുക, സൗരോർജ്ജ പ്രോജക്ടുകളുടെ ഫണ്ടിങ്ങിനുള്ള വഴികൾ തുടങ്ങി ഒട്ടവനധി കാര്യങ്ങൾ സൗരോർജ്ജ നയത്തിൽ പ്രതിപാദിക്കുന്നുണ്ട്. ഇവ സംബന്ധിച്ച് നിയമ നിർമ്മാണം ആവശ്യവുമാണ്.

2000 ചതുരശ്ര അടിയിലധികം വിസ്തീർണ്ണമുള്ള വീടുകളിൽ സൗരോർജ്ജ വാട്ടർ ഹീറ്ററും സൗരോർജ്ജം വൈദ്യുതി ഉത്പാദന സംവിധാനങ്ങളും നിർബന്ധമാക്കുമെന്ന് സൗരോർജ്ജ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനായി കെട്ടിട നിർമ്മാണ ചട്ടങ്ങളിലും മറ്റും വരുത്തേണ്ട മാററം സംബന്ധിച്ച് നടപടികൾ പൂർത്തീകരിക്കേണ്ടിയിരിക്കുന്നു.

(സി) സൗരോർജ്ജം കൂടുതലായി ഉപയോഗിക്കാവുന്ന മേഖലകൾ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ വൈദ്യുതി സംവിധാനങ്ങൾക്ക് കേന്ദ്ര സംസ്ഥാന സബ്സിഡികൾ ലഭ്യമാക്കുന്നുണ്ട്. ഗ്രിഡുമായി ബന്ധിപ്പിക്കാത്ത ബാറ്ററിയടങ്ങുന്ന സംവിധാനങ്ങളും ഇതിൽപ്പെടും. ഇതു കൂടാതെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ (തദ്ദേശ സ്ഥാപനങ്ങളടക്കം) സൗരോർജ്ജ വൈദ്യുതി സംവിധാനങ്ങൾ സ്ഥാപിക്കുന്ന പ്രത്യേക പരിപാടികളും ഉണ്ട്. സൗരോർജ്ജം ഫലപ്രദമായി ഉപയോഗിക്കാവുന്ന സൗരോർജ്ജ മേഖലകൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കെ. എസ്. ഇ. ബിയും അനർട്ടും ചേർന്ന് ആവിഷ്ക്കരിച്ച Sun Shift പദ്ധതി പ്രകാരം Solar Inverter വീടുകളിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ചെലവ് കുറഞ്ഞ സൗരോർജ്ജ പാനലുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് പദ്ധതി ഉണ്ടോ ; വ്യക്തമാക്കുമോ ?

(ഡി) ഇത്തരം പദ്ധതികൾ ഇതുവരെ ആവിഷ്ക്കരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.